**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5569** | **15-03-2023 - ൽ മറുപടിയ്ക്ക്**

**കായികതാരങ്ങളുടെ മത്സര നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കായികതാരങ്ങളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും കായിക രംഗത്ത് കൊണ്ടുവരുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ കായിക താരങ്ങളുടെ മത്സര നൈപുണ്യങ്ങൾ വർധിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും കായിക രംഗത്ത് കൊണ്ടുവരുന്നതിനായി മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ, വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൗൺസിലിലെ പരിശീലകരുടെ കീഴിൽ പ്രസ്തുത പദ്ധതികളിലെ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നു. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങളിൽ ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ചവരും ഉൾപ്പെടുന്നു.<br><br>ഇതോടൊപ്പം സംസ്ഥാനത്ത് മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും ഉന്നത നിലവാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും<br><br>മികവിന്റെ കേന്ദ്രമായിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ Center of Excellence in Districts എന്ന വിഷയത്തിൽ Workshop and Expert Panel Discussion എന്ന പരിപാടി കായികരംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തി നടത്തുകയുണ്ടായി. |

കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കായിക രംഗത്ത് മുൻനിരയിൽ നിൽക്കേണ്ട വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുവേണ്ടി 2019 മുതൽ ശ്രീ.രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, ചെന്നൈയും കായിക യുവജനകാര്യാലയവുമായി ചേർന്ന് ആവിഷ്കരിച്ച പദ്ധതിയാണ് സയൻസ് ആന്റ് ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ് പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളുടെ കായിക ക്ഷമത വളർത്തുന്നതിനു ശാസ്ത്രീയമായ രീതിയിൽ കുട്ടികളെ വിലയിരുത്തി മുന്നോട്ട് കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ ജി.വി.രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നി സ്കൂളിലെ 461 കുട്ടികൾക്ക് പരിശോധന നടത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ആരോഗ്യ-കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുക എന്ന ലക്ഷ്യത്തോടു കൂടി കേരള സർക്കാർ കായികയുവജനകാര്യാലയത്തിൻ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്ത് ആന്റ് ഫിറ്റ്നസ് അസസ്മെന്റ് & ആൻറി ഡ്രഗ് അവയർനസ് ക്യാമ്പെയ്ൻ. 6 മുതൽ 12 വരെയുള്ള ക്ലാസിലെ 12 നും 17 നും ഇടയിൽ പ്രായമുള്ള പതിനായിരം കുട്ടികളായിരിക്കും ആദ്യ ഘട്ടത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കായിക വകുപ്പിനെ കൂടാതെ പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കേരള സംസ്ഥാനത്തുടനീളമുള്ള ഓരോ അത്‌ലറ്റിന്റെയും ക്ഷമതയും മറ്റു അവശ്യ വൈദഗ്ധ്യങ്ങളും വിലയിരുത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. കായികതാരങ്ങളുടെ ആരോഗ്യനിലയും ഫിറ്റ്നസ്സും നിർണയിക്കാൻ സഹായിക്കുന്ന മൂല്യനിർണയ പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇതിലൂടെ വിദ്യാർത്ഥികളുടെ ഫിറ്റ്നസ് ലെവൽ കണ്ടെത്താനും അതുവഴി കഴിവുള്ള പ്രതിഭകളെ തിരിച്ചറിയാനും ഈ വിവരങ്ങൾ ഉപയോഗിച്ച്

| | | | |
|---|---|---|---|
| | | | **അവർക്ക് പരിശീലന പ്രോട്ടോകോൾ രൂപകൽപ്പന ചെയ്യാനും കഴിയും. ആധുനിക സംവിധാനങ്ങളോടു കൂടിയ പ്രത്യേക രീതിയിൽ സജ്ജീകരിച്ച ബസ് ഓരോ സ്കൂളുകളും സന്ദർശിച്ച് സെലക്ഷൻ ടെസ്റ്റ് നടത്തിവരുന്നു.** |

സെക്ഷൻ ഓഫീസർ